15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688 — 17-09-2025 - ൽ മറുപടിയ്ക്ക്

മലപ്പുറം പാക്കേജിലെ ടെണ്ടർ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വോൾട്ടേജ് കുറവ് ഉൾപ്പെടെയുള്ള വൈദ്യുതി വിതരണ രംഗത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മലപ്പുറം സ്പെഷ്യൽ പാക്കേജ് എന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖലാ പദ്ധതിയായ ദ്യുതി 2 പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം കണ്ടെത്തിയതിനെ തുടർന്ന് മലപ്പുറം ജില്ലയിൽ ദ്യുതി 2.0 പദ്ധതിയിൽ അധികമായി **410.93** കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ അംഗീകാരം നൽകുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകളിലായിട്ടാണ് സ്പെഷ്യൽ പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഓരോ വർഷവും നടപ്പിലാക്കാനായി ഉദ്ദേശിച്ച് ടെൻഡർ ചെയ്ത ഏതെല്ലാം പ്രവൃത്തികളാണ് ഉണ്ടായിരുന്നതെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം തീയതികളിൽ ടെണ്ടർ വിളിച്ചുവെന്നും പ്രസ്തുത ടെണ്ടർ ഉറപ്പിച്ച് പ്രവൃത്തി തുടങ്ങുന്നതിന് ഉണ്ടായ തടസ്സം എന്താണെന്നും ആ തടസ്സം തീർക്കേണ്ടത് ആരാണെന്നും വ്യക്തമാക്കുമോ; | (ബി) | നിലമ്പൂർ സർക്കിളിനു കീഴിൽ 2024-25ൽ 169 വർക്കുകളാണ് പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നത്. ടി വർക്കുകൾ 6പാക്കേജുകളായിട്ടാണ് ടെണ്ടർ ചെയ്തത്. പാക്കേജ് 1 : പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതും, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുന്നതുമായ വർക്ക് (ടെണ്ടർ തീയതി: 15.10.2024) പാക്കേജ് 2 ABC കണ്ടക്ടർ വലിച്ചു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി (ടെണ്ടർ തീയതി: 24.02.2025) പാക്കേജ് 3 : പോസ്റ്റുകൾ insert ചെയ്യുന്നതും, AB സ്വിച്ച് സ്ഥാപിക്കുന്നതുമായ പ്രവൃത്തി (ടെണ്ടർ തീയതി : 26.12.2024, 18.01.2025 & 25.01.2025) പാക്കേജ് 4 : HT ലൈൻ AB കണ്ടക്ടർ, കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിച്ച്<br>റീ-കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി (ടെണ്ടർ തീയതി: 15.10.2024 ) പാക്കേജ് 5 : തിരുവാലി സബ്സ്റ്റേഷനിൽ നിന്നുമുള്ള ആറ് 11 കെ.വി |

| | | | |
|---|---|---|---|
| | | | ഫീഡറുകളുടെ പ്രവൃത്തി (ടെണ്ടർ തീയതി: 15.07.2025) പാക്കേജ് 6 : LT ലൈൻ വലിക്കൽ, കൺവെർഷൻ, റീ-കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തികൾ (ടെണ്ടർ തീയതി: 04.04.2025) ടി ടെണ്ടറുകളിൽ പാക്കേജ് 3 ലെ പോസ്റ്റ് insertion വർക്കുകൾ പൂർത്തീകരിച്ചു. AB Switch പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 5 ലെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ ടെൻഡറിങ് കഴിഞ്ഞിരുന്നെങ്കിലും ടെൻഡർ ആരും ക്വോട്ട് ചെയ്യുവാൻ ഇല്ലാതിരുന്നതിനാൽ റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>തിരൂർ സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുന്ന ജോലികൾ 14.11.2024ൽ ഇ-ടെൻഡർ ചെയ്തിരുന്നു. 11.75 കോടി രൂപയുടെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിരുന്നത്. ലഭിച്ച ടെൻഡർ തുക PAC തുകയേക്കാൾ 9.8% അധികമായതിനാൽ പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുക്കൊണ്ടിരിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ LT റീകണ്ടക്ടറിംഗ് വർക്കുകളും കൺവേർഷൻ വർക്കുകളുമാണ് ടെണ്ടർ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>മഞ്ചേരി സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്ന് തിരിച്ചറിഞ്ഞ അടിയന്തര ജോലികൾ 11 പാക്കേജുകളായി തരംതിരിച്ച് ടെൻഡർ ചെയ്തിരുന്നു. പ്രസ്തുത പാക്കേജുകളുടെ ടെൻഡർ തീയതികൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (സി) | ടെണ്ടർ നടപടി അനന്തമായി നീണ്ടു പോകുന്നതിനു കാരണം കണ്ടെത്തിയിട്ടുണ്ടോ; ഈ പദ്ധതി നടപ്പിൽ വരാതിരിക്കാൻ ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും അലംഭാവം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (സി) | സാധാരണഗതിയിൽ വിതരണ രംഗത്തെ വർക്കുകൾ മെറ്റീരിയൽ കെ.എസ്.ഇ.ബി പർച്ചേസ് ചെയ്യുകയും ലേബർ വർക്കുകൾ മാത്രം കരാർ വിളിച്ചുകൊടുക്കുകയും ആണ് ചെയ്തിരുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ടി ദ്യുതി സ്പെഷ്യൽ പാക്കേജ് ടേൺ കീ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തത്. എന്നാൽ ജി.എസ്.ടി., centage charges തുടങ്ങിയ ചാർജുകൾ PAC (Probable Amount of Contract) ൽ ഉൾക്കൊള്ളിക്കുന്നതിൽ ചില അപാകതകൾ കണ്ടെത്തുകയും 26 ഏപ്രിൽ 2025 ൽ ടെൻഡർ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | മലപ്പുറം പാക്കേജ് വൈകുന്നത് സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നോ ജില്ലാ വികസന സമിതിയിൽ നിന്നോ മറ്റോ എന്തെങ്കിലും പരാതികൾ സർക്കാറിനോ വകുപ്പ് മന്ത്രിക്കോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ലഭിച്ചിട്ടുണ്ട്. 11.02.2025 ന ബഹു കൊണ്ടോട്ടി മണ്ഡലം എം.എൽ.എ-യുടെ പരാതി ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്നും കെ എസ് ഇ ബി എല്ലിന് നൽകിയിട്ടുണ്ട്. PAC (Probable Amount of Contract) കണക്കാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 04.08.2025 ലെ ഉത്തരവ് B.O. (FTD) No.464/2025 (Dyuthi 24-25 Mission Summer 25-Part(1)), Thiruvananthapuram പ്രകാരം PWD യിൽ നിന്നുള്ള മെമ്പറെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റിയോഗം ചേർന്ന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ എം.എൽ.എ.മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഉന്നതതല യോഗം ഉടനെ തന്നെ വിളിച്ച് ചേർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**<u>മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകളിലായി സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>**

| **ഇലക്ട്രിക്കൽ സർക്കിൾ/ ജില്ല** | **24-25 (തുക കോടിയിൽ)** | **25-26 (തുക കോടിയിൽ)** | **26-27 (തുക കോടിയിൽ)** | **ആകെ തുക (തുക കോടിയിൽ)** |
|---|---|---|---|---|
| തിരൂർ | 103.42 | 88.97 | 65.13 | 257.52 |
| മഞ്ചേരി | 76.52 | 36.71 | | 113.23 |
| നിലമ്പൂർ | 23.74 | 16.44 | | 40.18 |
| മലപ്പുറം പാക്കേജ് | | | | **410.93** |

അനുബന്ധം -2

| SL no | Name of the Package | Date of Notification (NIT) | Date of Opening of Technical Part |
|---|---|---|---|
| 1 | **Malappuram Package No.01 - Supply and Installation of Transformers on TURNKEY basis under Dyuthi Special scheme at various locations under Electrical Circle, Manjeri** | 04.11.2024 | 07.12.2024; 11:00 hrs |
| 2 | **Malappuram Package No.02 - Capacity Enhancement of Transformers on TURNKEY basis under Dyuthi Special scheme at various locations under Electrical Circle, Manjeri** | 04.11.2024 | 07.12.2024; 11:00 hrs |
| 3 | **Malappuram Package No.3 - Construction of 11 kV line using HT ABC and Supply and Installation of Transformers on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Manjeri** | 14.11.2024 | 07.05.2025 at 12.00 am |
| 4 | **Malappuram Package No.4 - Construction of 11 kV line using HT ABC and Supply and Installation of Transformers on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Perinthalmanna** | 16.11.2024 | 19.12.2024 at 11.00 am |
| 5 | **Malappuram Package No.5 - Supply and Construction of 11 kV line using HT ABC on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Perinthalmanna** | 05.12.2024 | 31.12.2024 at 11.00 am |
| 6 | **Malappuram Package No.6 - Construction of 11 kV line using HT ABC and Supply and Installation of Transformers on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Kondotty** | 28.11.2024 | 14.01.2025 at 11.00 Am |
| 7 | **Malappuram Package No.07- Construction of 11 kV line using Covered conductor Raccoon and installation of 100kVA DTR on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Manjeri** | 12.12.2024 | 07.05.2025 at 12.00 am |
| 8 | **Malappuram Package No.08- Construction of 11 kV line using Covered conductor Raccoon and installation of 100kVA DTR on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Kondotty** | 13.01.2025 | 07.05.2025 at 12.00 am |

| | | | |
|---|---|---|---|
| 9 | **Malappuram Package No.10 - Construction of 11 kV line using 3x300 sq.mm UG cable on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Perinthalmanna** | 11.12.2024 | 07.05.2025 at 12.00 am |
| 10 | **Malappuram Package No.12 - Construction of 11 kV line using 3x300 sq.mm UG cable on TURNKEY basis under Dyuthi Special scheme at various locations under Electrical Division, Manjeri** | 16.01.2025 | 07.05.2025 at 12.00 am |
| 11 | **Malappuram Package No.13 - Construction of new 11kV line using ACSR Raccoon and installation of Distribution Transformer on TURNKEY basis under Dyuthi Special scheme at various locations under Electrical Circle, Manjeri** | 13.12.2024 | 07.05.2025 at 12.00 am |